**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 809** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>വനം വകുപ്പ് പ്രവർത്തനങ്ങളുടെ നിയോജകമണ്ഡലം തലത്തിലെ ഏകോപനം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
| --- | --- |
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | ശ്രീ. ഷിബു ബേബി ജോൺ<br>(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി) |

**(എ)** വനം വകുപ്പ് പ്രവർത്തനങ്ങളെ നിയോജക മണ്ഡലം തലത്തിൽ ഏകോപിപ്പിക്കുന്നതിന് പ്രത്യേകം സമിതികൾ രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. മണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന ബഹു.നിയമസഭാംഗം അദ്ധ്യക്ഷനായും, ബന്ധപ്പെട്ട പാർലമെന്റ് അംഗം സമിതിയുടെ പ്രത്യേക ക്ഷണിതാവായും, ജില്ലാ പഞ്ചായത്ത് അംഗം, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, നിയോജക മണ്ഡലത്തിലെ എല്ലാ മുനിസിപ്പാലിറ്റി/പഞ്ചായത്ത് അദ്ധ്യക്ഷന്മാർ, ജില്ലാ കളക്ടറുടെ നോമിനി, ജില്ലാ പോലീസ് മേധാവി/ഡി.വൈ.എസ്.പി, ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഓഫീസർ, ജില്ലാ കൃഷിവകുപ്പ് ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസറുടെ നോമിനി, തഹസീൽദാർ എന്നിവർ അംഗങ്ങളായും, നിയമസഭാ മണ്ഡലത്തിലെ ഏറ്റവും കൂടുതൽ വനവിസ്തൃതി വരുന്ന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ വൈൽഡ് ലൈഫ് വാർഡനോ സമിതിയുടെ കൺവീനറും ആയി നിയമസഭാ മണ്ഡലതല മനുഷ്യ-വന്യജീവി സഹജീവന നിർദ്ദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.

**(ബി)** ഏതെല്ലാം ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തികൊണ്ടാണ് പ്രസ്തുത സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**